ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ,**

**തിരുവനന്തപുരം**

**(ഹാജർ : ഡോ.എം.സി.റെജിൽ ഐ എ എസ്)**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - വിജിലൻസ് - കുടപ്പനക്കുന്ന്, എസ്.എൽ.ബി.പി ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക്, ശ്രീ.എസ്.കൃഷ്ണകുമാർ, എ.ഡി.സി.പി പ്രോജക്റ്റ് കോർഡിനേറ്ററുടെ കാര്യാലയത്തിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീ.ബിജു ഡി എൽ എന്നീ ഉദ്യോഗസ്ഥരെ അച്ചടക്കനടപടിയുടെ ഭാഗമായി സസ്പെന്റ് ചെയ്തത് - സസ്പെൻഷൻ അവസാനിപ്പിച്ച് സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| നമ്പർ - AHD/3412/2025-X6/വിജി. | തീയതി:03-02-2026 |

പരാമർശം:

1.എസ്.എൽ.ബി.പി. അഡീഷണൽ ഡയറക്ടറുടെ 22/05/2025 തീയതിയിലെ റിപ്പോർട്ട്

2.മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 23/05/2025 ലെ AHD/3412/2025 - X6 നമ്പർ ഉത്തരവ്.

3.മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 27/07/2025 ലെ AHD/3412/2025 - X6 നമ്പർ ഉത്തരവ്.

4.മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ചേംബറിൽ 20/11/2025 ന് 2.30 PM ന് കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി.

5.മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 04/12/2025 ലെ AHD/3412/2025 - X6 നമ്പർ ഉത്തരവ്.

6.തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 06/01/2026 ലെ DAHO/TVM/2835-A1നമ്പർ കത്ത്.

7.മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ചേംബറിൽ **29/01/2026** ന് **4.00 PM** ന് കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി.

## <u>ഉത്തരവ്</u>

മൃഗസംരക്ഷണ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്.എൽ.ബി.പി) ആസ്ഥാന കാര്യലയത്തിലെ അറ്റൻഡന്റിന്റെ വിരമിക്കലിനോടനുബന്ധിച്ച് ടി ഓഫീസിലേയും, സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി കാര്യാലയത്തിലേയും, ക്യാമ്പസിലെ മറ്റ് ഓഫീസുകളിലേയും ജീവനക്കാർക്കായി **22/05/2025** തീയതി ഏർപ്പാടാക്കിയിരുന്ന ഉച്ചഭക്ഷണത്തിൽ പങ്കെടുക്കുന്നതിനിടയിൽ കുടപ്പനക്കുന്ന് എസ്.എൽ.ബി.പി ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക്, ശ്രീ.എസ്.കൃഷ്ണകുമാർ, കുടപ്പനക്കുന്ന്, എ.ഡി.സി.പി ഓഫീസിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് **I** ആയ ശ്രീ.ബിജു ഡി എൽ എന്നിവർ തമ്മിൽ വാക്കുതർക്കവും കയ്യേറ്റവും ഉണ്ടാവുകയും, ശ്രീ.ബിജു ഡി എൽ ഉച്ചത്തിൽ അസഭ്യം പറയുകയും, പ്രസ്തുത ഓഫീസിലെ വനിതാ ജീവനക്കാരിയെ അപമാനിക്കുന്ന തരത്തിൽ ശ്രീ.ബിജു ഡി എൽ പെരുമാറുകയും, മോശമായി സംസാരിക്കുകയും ചെയ്തതായും, തമ്മിലുള്ള വഴക്കിനിടയിൽ രണ്ടുപേർക്കും പരിക്ക് പറ്റിയിട്ടുള്ളതായി മനസ്സിലാക്കുകയും, ശക്തമായ താക്കീത് നൽകിയിട്ടും ഓഫീസ് മേലധികാരിയുടെ വാക്കുകൾ ഇരുവരും ചെവിക്കൊണ്ടില്ലായെന്നും തുടർന്ന് പോലീസ് അധികൃതരെ അറിയിക്കുകയും ചെയ്തിട്ടുള്ളതായും ഈ സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനത്തെയും അച്ചടക്കത്തെയും സാരമായി ബാധിക്കുകയും വകുപ്പിന് കളങ്കമുണ്ടാക്കുകയും ചെയ്യുന്നതാകയാൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനായി പ്രസ്തുത ജീവനക്കാർക്കെതിരെ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന് പരാമർശം **(1)** പ്രകാരം എസ്.എൽ.ബി.പി. അഡീഷണൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ വിഷയം പരിശോധിച്ചതിൽ പ്രസ്തുത സംഭവം ഓഫീസ് പ്രവർത്തനത്തെയും അച്ചടക്കത്തെയും സാരമായി ബാധിക്കുകയും വകുപ്പിന്റെ സൽപ്പേരിന് സാരമായി കളങ്കമുണ്ടാക്കുകയും ചെയ്തതായി ബോധ്യപ്പെട്ടതിനാൽ, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്.എൽ.ബി.പി) ആസ്ഥാന കാര്യലയത്തിലെ ക്ലാർക്ക്, ശ്രീ.എസ്.കൃഷ്ണകുമാർ **(PEN : 836506)**, സംസ്ഥാന

ജന്തുരോഗ നിയന്ത്രണ പദ്ധതി കാര്യാലയത്തിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീ.ബിജു ഡി എൽ (PEN : 263266) എന്നീ ഉദ്യോഗസ്ഥരെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. തുടർന്ന് ടി വിഷയത്തിന്മേൽ വകുപ്പ്തല അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (പൗൾട്രി) യെ നിയോഗിച്ച്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥ 16/09/2025 ന് എസ്.എൽ.ബി.പി ഹെഡ്ക്വാർട്ടേഴ്സിൽവെച്ച് അന്വേഷണം നടത്തിയെങ്കിലും പരാതിയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വനിതാജീവനക്കാരി അവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ അന്വേഷണം പൂർത്തിയാക്കാനാവാതെവരികയും, ആയതിനാൽ ടി സാഹചര്യത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ പുനഃ പരിശോധനയ്ക്കായി ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

സസ്പെൻഷനിൽ തുടരുന്ന സർക്കാർ ജീവനക്കാർക്കെതിരെ ആരംഭിച്ചതും 6 മാസത്തിലധികം കാലമായി തീർപ്പാക്കാതിരിക്കുന്നതുമായ ശിക്ഷണനടപടികൾ സംബന്ധിച്ച കേസുകൾ റിവ്യൂ ചെയ്യേണ്ടതുണ്ട്. ടി സാഹചര്യത്തിൽ പരാമർശം (4) പ്രകാരം സസ്പെൻഷൻ റിവ്യു കമ്മിറ്റി കൂടുകയുണ്ടായി. ഈ കേസിൽ വകപ്പ്തല അന്വേഷണം നടത്തുകയും എന്നാൽ കേസിലെ എല്ലാ കക്ഷികളും സ്ഥലത്ത് ഇല്ലാത്തതിനാൽ അന്തിമമായി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായതിനാലും മേൽപ്പടി അന്വേഷണ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ടി ജീവനക്കാരുടെ സസ്പെൻഷൻ അവസാനിപ്പിക്കാൻ സാധിക്കുകയുള്ളു എന്നതിനാലും അടിയന്തിരമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് 2025 ഡിസംബർ 20 നകം സമർപ്പിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥയ്ക്ക് നിർദ്ദേശം നൽകുവാനും സസ്പെൻഷൻ നടപടി തുടരുവാനും പ്രസ്തുത റിവ്യു കമ്മിറ്റി യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. റിപ്പോർട്ട് ലഭ്യമായതിനുശേഷം വീണ്ടും ഒരു റിവ്യു കമ്മിറ്റി കൂടി ജീവനക്കാരുടെ സസ്പെൻഷൻ അവസാനിപ്പിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനും പ്രസ്തുത യോഗത്തിൽ തീരുമാനം എടുത്തിരുന്നു.

മേൽപ്പറഞ്ഞ പ്രകാരം, അന്വേഷണോദ്യോഗസ്ഥയ്ക്ക് നിർദ്ദേശം നൽകിയതിനെതുടർന്ന് ക്ലാർക്ക്, ശ്രീ.എസ്.കൃഷ്ണകുമാർ, ലൈവ്സ്റ്റോക്ക്

ഇൻസ്പെക്ടറായ (ഗ്രേഡ് I) ശ്രീ.ബിജു ഡി എൽ എന്നീ ജീവനക്കാരുടെ സസ്പെൻഷൻ കാലയളവ് 22/11/2025 ന് ആറ് മാസം കഴിഞ്ഞതിനാൽ, അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനപ്രകാരമുള്ള നടപടികളുടെ അന്തിമഘട്ടം വരെ/മൂന്ന് മാസത്തേയ്ക്ക് ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു.

ദീർഘിപ്പിച്ച സസ്പെൻഷൻ കാലാവധി അവസാനിക്കുന്നതിനു മുൻപ് അന്വേഷണ ഉദ്യോഗസ്ഥ പരാമർശം (6) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുയും മേൽപ്പടി ജീവനക്കാർ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടലംഘനം നടത്തിയെന്നുള്ള വസ്തുത നിലനിൽക്കുന്നതാണെന്നും അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. കൂടാതെ ജീവനക്കാർക്കെതിരെ അച്ചടക്കനടപടി തുടരുമെന്ന വ്യവസ്ഥയിൽ സസ്പെൻഷൻ പുനഃപരിശോധിക്കണമെന്നും ശിപാർശ ചെയ്യപ്പെട്ടിരുന്നു. പ്രസ്തുത ശിപാർശയെ തുടർന്ന് പരാമർശം (7) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ചേംബറിൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി യോഗത്തിൽ ടി ജീവനക്കാരെ അച്ചടക്കനടപടിയ്ക്ക് വിധേയമായി സർവ്വീസിൽ പുനഃ പ്രവേശിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. സസ്പെൻഷൻ റിവ്യു കമ്മിറ്റിയുടെ തീരുമാനത്തിന്റെ വെളിച്ചത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചതിൽ ടി ജീവനക്കാരുടെ സസ്പെൻഷൻ അവസാനിപ്പിക്കാവുന്നതാണെന്നും കാണുകയും അപ്രകാരം തീരുമാനിക്കുകയുമുണ്ടായി.

മേൽ വിവരിച്ച സാഹചര്യത്തിൽ, വകുപ്പിന്റെ യശസ്സ് പരിപാലിക്കേണ്ട ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥർ ഓഫീസ് പരിസരത്ത് ഓഫീസ് പ്രവർത്തനത്തെയും അച്ചടക്കത്തെയും പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ പെരുമാറുകയും, പൊതുസമൂഹത്തിനുമുന്നിൽ വകുപ്പിന്റെ സൽപ്പേരിന് കളങ്കം വരുത്തുകയും, ആയത് പെരുമാറ്റദൂഷ്യമായതിനാലും മേലുദ്യോഗസ്ഥരുടെ നിർദേശങ്ങൾ പാലിക്കാതെ insubordination നടത്തുകയും ചെയ്തതായി കണ്ടെത്തിയതിനാലും മേൽപ്പറഞ്ഞ കുറ്റങ്ങൾക്ക്, ചട്ടപ്രകാരമുള്ള അച്ചടക്കനടപടികൾ തുടരുമെന്ന വ്യവസ്ഥയിൽ കുടപ്പനക്കുന്ന് പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്.എൽ.ബി.പി) ആസ്ഥാന കാര്യലയത്തിലെ ക്ലാർക്ക്,

ശ്രീ.എസ്.കൃഷ്ണകുമാർ (PEN : 836506), സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി കാര്യാലയത്തിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീ.ബിജു ഡി എൽ (PEN : 263266) എന്നീ ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ അവസാനിപ്പിച്ച് സർവീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**Dr M C REJIL IAS**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1.ശ്രീ.എസ്.കൃഷ്ണകുമാർ, ക്ലാർക്ക്, എസ്.എൽ.ബി.പി ആസ്ഥാന കാര്യാലയം, കുടപ്പനക്കുന്ന്, തിരുവനന്തപുരം [അഡീഷണൽ ഡയറക്ടർ, എസ്.എൽ.ബി.പി (HQ) മുഖേന രണ്ട് പകർപ്പ് നൽകുന്നു. ഒരു പകർപ്പിൽ തീയതിയോടുകൂടിയ കൈയ്യൊപ്പു സഹിതം തിരികെ ലഭ്യമാക്കേണ്ടതാണ്]

2.ശ്രീ.ബിജു ഡി എൽ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, എ.ഡി.സി.പി, കുടപ്പനക്കുന്ന്, തിരുവനന്തപുരം [പ്രോജക്ട് കോ-ഓർഡിനേറ്റർ, എ.ഡി.സി.പി മുഖേന രണ്ട് പകർപ്പ് നൽകുന്നു. ഒരു പകർപ്പിൽ തീയതിയോടുകൂടിയ കൈയ്യൊപ്പു സഹിതം തിരികെ ലഭ്യമാക്കേണ്ടതാണ്]

3.അഡീഷണൽ ഡയറക്ടർ, എസ്.എൽ.ബി.പി (HQ), തിരുവനന്തപുരം [അറിവിലേയ്ക്കും ആവശ്യമായ തുടർനടപടികൾക്കുമായി]

4.പ്രോജക്ട് കോ-ഓർഡിനേറ്റർ, എ.ഡി.സി.പി, കുടപ്പനക്കുന്ന്, തിരുവനന്തപുരം [അറിവിലേയ്ക്കും ആവശ്യമായ തുടർനടപടികൾക്കുമായി]

5.ഐ.ടി ഓഫീസർ [ ഉത്തരവ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി]

6.സൂപ്രണ്ട്, കെ സെക്ഷൻ (അറിവിലേക്കായി)

7.സസ്പെൻഷൻ രജിസ്റ്റർ

Digitally signed by
Dr M C Rejil
Date: 03-02-2026
12:32:09

## 8.സൂക്ഷിപ്പ് ഫയൽ